## 1223

പരനേ! തിരുമുഖശോഭയിൻ കതിരെന്നുടെ ഹൃദയേ
നിറവാൻ കൃപയരുളേണമീ ദിവസാരംഭ സമയേ

1 ഇരുളിൽ ബലമഖിലം മമ നികടേ നിന്നങ്ങൊഴിവാൻ
പരമാനന്ദ ജയകാന്തിയെൻ മനതാരിങ്കൽ പൊഴിവാൻ-

2 പുതുജീവനിൻ വഴിയേ മമ ചരണങ്ങളിന്നുറപ്പാൻ
അതിശോഭിത കരുണാഘനമിഹ മാം വഴി നടത്താൻ-

3 ഹൃദയേ തിരുകരമേകിയ പരമാമൃത ജീവൻ
പ്രതിവാസരം വളർന്നേറ്റവും ബലയുക്തമായ് ഭവിപ്പാൻ

4 പരമാവിയിൻ തിരുജീവനിൻ മുളയീയെന്നിൽ വളർന്നി-
ട്ടരിസഞ്ചയനടുവിൽ നിന്റെ ഗുണശക്തികൾ വിളങ്ങാൻ-

5 അമിതാനന്ദ സുഖശോഭന നിലയേ വന്നങ്ങണവാൻ
അവിടെന്നുടെ പ്രിയനോടൊത്തു യുഗകാലങ്ങൾ വസിപ്പാൻ-
**K.V.S.**